"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല വഹിച്ച ജൂനിയർ സൂപ്രണ്ട് ശ്രീ. വിമൽ കുമാർ പി. -ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2049/2025/LSGD തീയതി,തിരുവനന്തപുരം, 17-08-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 01/06/2022 ലെ PAN/60/2022-E11(DP) നമ്പർ നടപടിക്രമം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2024, 03.04.2025 തിയതികളിലെ LSGD/PD/31754/2024-DEH4 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. വിമൽ കുമാർ പി. ക്ക് ടി കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല നൽകി പരാമർശം 1 പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടിയാന് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. വിമൽ കുംമാർ പി. ക്ക്, ടിയാൻ പ്രസ്തുത കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല വഹിച്ച 31.05.2022 അപരാഹ്നം മുതൽ 28.09.2022 അപരാഹ്നം വരെയുള്ള കാലയളവിലെ 01.06.2022 മുതൽ പരമാവധി മൂന്ന് മാസകാലയളവിലേയ്ക്ക് കെ.എസ്.ആർ ഭാഗം 1, ചട്ടങ്ങൾ 53(b)(2) [as amended vide G.O (P) No. 88/2017/Fin dated 11.07.2017], 53 A II(c), 53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.വിമൽ കുമാർ പി., ജൂനിയർ സൂപ്രണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ *(പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന)*

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയം ഭരണ വകുപ്പ്, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/ തൃശ്ശൂർ

ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/285/2024-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 18-08-2025 05:58:59

സെക്ഷൻ ഓഫീസർ